Manorama 19.11.17



കാർഷിക സർവകലാശാല ആവിഷ്കരിച്ച കർഷകരുമായി മുഖാമുഖം പരിപാടി മന്ത്രി വി.എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു. കെ. രാജൻ എംഎൽഎ സമീപം.

# മുഖാമുഖം പരിപാടി തുടങ്ങി

മണ്ണുത്തി • കാർഷിക സർവകലാശാല നിയമനം സംബന്ധിച്ച് പ്രചരിക്കുന്ന ഊഹാപോഹങ്ങൾക്ക് അടിസ്ഥാനമില്ലന്ന് മന്ത്രി വി.എസ്. സുനിൽകുമാർ പറഞ്ഞു. കാർഷിക സർവകലാശാലയിൽആരംഭിച്ച കർഷകരും കാർഷിക ശാസ്ത്രജ്ഞരും തമ്മിലുള്ള മുഖാമുഖ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കാർഷിക സർവകലാശാല വൈസ് ചാൻസലർ നിയമനത്തിൽ ഊഹാപോഹങ്ങൾ പടച്ചുവിട്ട് സർക്കാരിനെ സ്വാധീനിക്കാമെന്ന് കരുതേണ്ട. സർക്കാരിന് ഇക്കാര്യത്തിൽ വ്യക്തമായ അഭിപ്രായമുണ്ടന്നും യുക്തമായ സമയത്ത് തീരുമാനമെടുക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഫയലിൽ നിന്ന് വയലിലേക്ക് എന്ന സർക്കാർ നയത്തിന്റെ സാക്ഷാത്കാരമാണ് കാർഷിക സർവകലാശാലയിൽ ആരംഭിച്ച മുഖാമുഖം പരിപാടിയെന്നും മന്ത്രി പറഞ്ഞു. കെ. രാജൻ എംഎൽഎ അധ്യക്ഷത വഹിച്ചു.

ആക്ടിങ് വൈസ് ചാൻസലർ ടിക്കാറാം മീണ, ഗവേഷണ ഡയറക്ടർ പി. ഇന്ദിരാദേവി, റജിസ്ട്രാർ ഡോ. എസ്. ലീനാകുമാരി, വിജ്ഞാന വ്യാപന ഡയറക്ടർ ഡോ. ജിജു പി.അലക്സ്, ഡോ.ബിനു പി. ബോണി, ഡോ.എ.അനിൽകുമാർ, ഡോ.ടി. പ്രദീപ് കുമാർ എന്നിവർ പ്രസംഗിച്ചു.